(ബി) അര ഹെക്ടറിൽ കൂടുതൽ ഭൂമി വ്യാജപട്ടയപ്രകാരം കൈവശം വച്ചിട്ടുള്ള എത്രപേർ ആ മേഖലയിലുണ്ട്;

(സി) അര ഹെക്ടറോ അതിൽ താഴെയോ ഉള്ള ഭൂമി വ്യാജപട്ടയപ്രകാരം കൈവശം വച്ചിട്ടുള്ള എത്രപേർ ആ മേഖലയിലുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2950.66 ഹെക്ടർ ഭൂമി കൈവശം വച്ചിട്ടുണ്ട്.

(ബി) & (സി) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് കസ്റ്റഡിയിലായതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

കുളങ്ങൾ സംരക്ഷിക്കാൻ നടപടി

165 [2603] *പ്രൊഫ. കെ. വി. തോമസ്:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വർക്കല കഹാർ:
ശ്രീമതി മേഴ്സി രവി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യു രേഖകളനുസരിച്ച് സംസ്ഥാനത്തുള്ള കുളങ്ങളുടെ എണ്ണമെത്ര; ഇവയിൽ നിലവിലുള്ള കുളങ്ങൾ എത്രയാണ്;

(ബി) ഈ കുളങ്ങൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട്;

(സി) ഇവയിൽ വൃത്തിയില്ലാതെ ഇടിഞ്ഞു പൊളിഞ്ഞ് തകർന്നുകിടക്കുന്നവ നന്നാക്കുന്നതിന് എന്തെങ്കിലും പരിപാടിയുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇല്ലെങ്കിൽ അവയെ വൃത്തിയാക്കി നന്നാക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ട കരാറോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly